150 YEARS OF CELEBRATING THE MAHATMA

# മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

**സംഗ്രഹം**

ഭരണകാര്യം - സർവ്വകലാശാലയിലെ കബനി ഹോസ്റ്റലിലെ വിദ്യാർത്ഥിനികളുടെ പരാതി - അന്വേഷണ ഉദ്യോഗസ്ഥനെ നിയമിച്ച കൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ഭരണ വിഭാഗം എ 1 സെക്ഷൻ**

നമ്പർ. 5676/AD A1/2019/എം.ജി.യു    പ്രിയദർശിനി ഹിൽസ്,തീയതി: 14.11.2019

---

പരാമർശം:-1. സർവ്വകലാശാലയിലെ കബനി ഹോസ്റ്റലിലെ വിദ്യാർത്ഥിനികൾ സമർപ്പിച്ച പരാതി, രജിസ്ട്രാർ (i/c)-ൻറെ ഉത്തരവ് സഹിതം.

2. സർവ്വകലാശാല പരിപത്രം നം. Ad.AI-2-117/2016 തീയതി 01.12.2016.

3. സർവ്വകലാശാല പരിപത്രം നം. 21031/AD AI/1/AD AI/AD AI തീയതി 26.06.2019.

**ഉത്തരവ്**

സർവ്വകലാശാലയിലെ കബനി ഹോസ്റ്റലിലെ റൂം നമ്പർ 19-ൽ താമസിക്കുന്ന അമൃത വാസുദേവ്, ആര്യ സി. ജെയിംസ്, ശിൽപ കെ, ആരതി കൃഷ്ണൻ എന്നീ വിദ്യാർത്ഥിനികൾ തങ്ങളോടൊപ്പം അതേ മുറിയിൽ താമസിക്കുന്ന സ്റ്റെഫാനി സിറിൾ എന്ന വിദ്യാർത്ഥിനിക്കെതിരെ പരാമർശം (1) പ്രകാരം പരാതി സമർപ്പിച്ചിരിക്കുന്നു. എം.ബി.എ. രണ്ടാം വർഷ വിദ്യാർത്ഥിനിയായ സ്റ്റെഫാനി സിറിൾ, മേൽപരാമർശിച്ചിരിക്കുന്ന പരാതിക്കാരായ വിദ്യാർത്ഥിനികൾക്ക് മാനസിക ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നെന്നും, പലതവണ സംസാരിച്ചിട്ടും ടിയാൾ യാതൊരുവിധ ഒത്തുതീർപ്പിനും സഹകരിക്കുന്നില്ലെന്നും പരാതിയിൽ സൂചിപ്പിച്ചിരിക്കുന്നു. ആയതിനാൽ സ്റ്റെഫാനി സിറിളിനെ കബനി ഹോസ്റ്റലിലെ റൂം നമ്പർ 19-ൽ നിന്നും മാറ്റണമെന്ന് പരാതിക്കാർ അപേക്ഷിച്ചിരിക്കുകയാണ്.

ഇതിൻ പ്രകാരം വിദ്യാർത്ഥിനികൾ നൽകിയ പരാതി അന്വേഷിച്ച് അടിയന്തിരമായി റിപ്പോർട്ട് സമർപ്പിക്കുന്നതിന് ശ്രീമതി. മായ ജെ. പള്ളിപ്പറമ്പിൽ, അസിസ്റ്റൻറ് രജിസ്ട്രാർ-4 (ഭരണവിഭാഗം)-നെ അന്വേഷണ ഉദ്യോഗസ്ഥയായി നിയമിച്ചുകൊണ്ട് രജിസ്ട്രാർ (i/c) ഉത്തരവായിരിക്കുന്നു.

അന്വേഷണ ഉദ്യോഗസ്ഥ, അന്വേഷണ റിപ്പോർട്ട് പരാമർശം (2), (3) പരിപത്രങ്ങൾക്ക് അനുസൃതമായി സമർപ്പിക്കേണ്ടതാണ്.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

പ്രേംകുമാർ ആർ

അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. ശ്രീമതി. മായ ജെ. പള്ളിപ്പറമ്പിൽ, അസിസ്റ്റൻറ് രജിസ്ട്രാർ-4 (ഭരണവിഭാഗം)
2. വൈസ് ചാൻസിലർ/പ്രൊ-വൈസ് ചാൻസിലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ/പരീക്ഷാ കൺട്രോളർ/ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ.മാർ
4. ജോയിൻറ് രജിസ്ട്രാർ/ഡെപ്യൂട്ടി രജിസ്ട്രാർ/അസിസ്റ്റൻറ് രജിസ്ട്രാർ (ഭരണം/അക്കാദമികം/പരീക്ഷ/ധനകാര്യം)
5. കണ്ടൻറ് മാനേജ്മെൻറ് സെക്ഷൻ / റെക്കോർഡ്സ്
6. സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി/ഡേ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #6 of File 40166/AD A1/2/2019/AD A1 Approved by ASSISTANT REGISTRAR I (ADMIN) on 14-Nov-2019 12:47 PM - Page 1